02/12/21.
23/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 601(6)/2021 എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5600/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി മോളി ഐസക്,
ബഥേൽ മന്ദിരം,
കരിക്കം പി.ഒ, കൊട്ടാരക്കര,
കൊല്ലം – 691 531 } അപ്പീൽ ഹർജിക്കാരി

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
വെളിയം, ഓടനാവട്ടം പി.ഒ – 691 512.

2. അപ്പീൽ അധികാരി ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
വെളിയം – 691 512.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/05/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 06/08/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 12/11/2021<br>PWD റസ്റ്റ് ഹൗസ്, പുനലൂർ |
| ഹിയറിംഗിലെ സാന്നിധ്യം :<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | ഹാജരായി (പ്രതിനിധി)<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി മോളി ഐസക്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പിന് ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ നിർദ്ദേശിച്ച പ്രകാരം ആവശ്യമായ ഫീസ് അടച്ചുവെങ്കിലും ആയത് ലഭ്യമാക്കിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും എന്നാൽ ആയതിന് മറുപടിയൊന്നും ലഭ്യമാക്കിയി ല്ലെന്നും മറ്റുമാണ്.

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 08.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) വിലങ്ങറ എൻ.എം. എൽ.പി. സ്കൂളിലെ ശ്രീമതി മേഴ്സി പി.ഐസ ക്കിന്റെ നിയമനം 01.06.2017 മുതൽ 31.03.2018 വരെ റഗുലർ ശമ്പള വ്യവസ്ഥ യിലും 01.06.2018 മുതൽ 31.03.2019 വരെയും 10.06.2019 മുതൽ 26.07.2019 വരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം അംഗീകരിച്ച തീയതി 30.09.2020 ലെ എഫ്.4565/2020 ഫയലിന്റെ പകർപ്പ് നൽകുന്നതിനും, പകർപ്പ് നൽകുന്നതിന് അട യ്ക്കേണ്ട തുക, ഏത് ശീർഷകം എന്നിവ അറിയിക്കേണ്ടതാണെന്നും.

2) ടി സ്കൂളിൽ ശ്രീ.ബിനുകൃഷ്ണൻ ബി. എന്ന അദ്ധ്യാപകനെ 2019 നവംബർ 1 മുതൽ നിയമിച്ചത് ഏത് ഒഴിവിലാണെന്നും, ടിയാൻ എന്നു വരെ യാണ് ജോലി ചെയ്തിരുന്നതെന്നും ടി നിയമനം അംഗീകരിച്ചിട്ടുണ്ടോ എന്നും ഉ ണ്ടെങ്കിൽ ഫയലിന്റെ പകർപ്പ് നൽകുന്നതിനും പകർപ്പ് നൽകുന്നതിന് അട യ്ക്കേണ്ട തുക, ഏത് ശീർഷകം എന്നിവ അറിയിക്കേണ്ടതാണെന്നും

3) 51എ അവകാശിയ്ക്ക് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിൽ റഗുലർ നിയമനം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നും ഇത് സാധൂകരിക്കുന്നതിന് മതിയായ എന്തെങ്കിലും ഉത്തരവോ കെ.ഇ.ആർ. ചട്ട ങ്ങളോ നിലവിലുണ്ടോ എന്നുമാണ്.

RIGHT TO INFORMATION

3. ഹർജിക്കാരിയുടെ 08.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.10.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി പ്രകാരം ടിയാൾ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമായില്ലെന്നു കാണിച്ച് 19.11.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് മറുപടിയൊന്നും ലഭ്യമാക്കാത്തതുമാണ്.

4. രണ്ടാം എതിർകക്ഷി 02.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പുകൾ ലഭ്യമായില്ലെന്നു കാണിച്ചാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നതെന്നും ആയതിനാൽ ടി പകർപ്പുകൾ വീണ്ടും 03.08.2021 ൽ ഹർജിക്കാരിക്ക് അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പുകൾ റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമായില്ലെന്നു കാണിച്ചാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നതായി കാണുന്നത്. 12.11.2021 ൽ കമ്മീഷൻ പുനലൂർ PWD റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി പങ്കെടുത്തിരുന്നു. ഹർജിക്കാരിക്ക് ശാരീരിക അസ്വസ്ഥകൾ കാരണം പങ്കെടുക്കുവാൻ കഴിയില്ലെന്നും ആയതിനാൽ ഹിയറിംഗിൽ ടിയാളുടെ മകളെ ചുമതലപ്പെടുത്തുന്നതായും കാണിച്ച് അപേക്ഷ നൽകിയിട്ടുള്ളതും ആയത് പ്രകാരം ടിയാളുടെ മകൾ ഹിയറിംഗിൽ ഹാജരാവുകയും ചെയ്തിട്ടുള്ളതാണ്. ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന 30.09.2020 ലെ എഫ്.4565-/2020 ഫയലിന്റെ പകർപ്പ് ലഭ്യമാക്കണം എന്നതാണ് ടിയാളുടെ ആവശ്യം. ആയത് 15.11.2021 ൽ ഹർജിക്കാരിക്ക് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകാം എന്ന് ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി സമ്മതിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഹർജിക്കാരി ആവശ്യപ്പെട്ട എഫ്.4565-/2020 ഫയലിന്റെ പകർപ്പ് കമ്മീഷൻ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം ടിയാൾക്ക് രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചു നൽകേണ്ടതാണെന്ന്

ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 23-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm